ഉത്തരം

(എ) യു. ജി. സി. സ്കീം നടപ്പിലാക്കിയപ്പോൾ അത് സർവ്വീസിലുണ്ടായിരുന്ന അദ്ധ്യാപകരെ യു. ജി. സി. യോഗ്യതാമാനദണ്ഡത്തിൽ നിന്നും ഒഴിവാക്കിയിരുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

പത്തനംതിട്ട ചുട്ടിപ്പാറയിലെ എം. എസ്. സി. ഫിഷറീസ് ബയോളജി ആന്റ് അക്വാകൾച്ചർ കോഴ്സ്

111 (2988) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ചുട്ടിപ്പാറയിൽ അപ്ലൈഡ് ലൈഫ് സയൻസിൽ എം. എസ്. സി. ഫിഷറീസ് ബയോളജി ആന്റ് അക്വാകൾച്ചർ എന്ന കോഴ്സ് തുടങ്ങിയിട്ടുണ്ടോ ;

(ബി) ഈ കോഴ്സ് കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

(സി) എം. എഫ്. എസ്. സി. എം. എസ്. സി. ഇൻഡസ്ട്രിയൽ ഫിഷറീസ് എന്നി കോഴ്സുകളുമായി ഈ കോഴ്സ് തുല്യപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) ഈ കോഴ്സിന്റെ കാലാവധി 2 വർഷമാണെങ്കിലും 3 വർഷം വരെ ദീർഘിക്കുന്നതാകയാൽ ഇത് 2 വർഷത്തിനകം തീർക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ എം.എസ്.സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ കോഴ്സ് നടത്തുന്നുണ്ട്.

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.എസ്.സി. ഫിഷറിംഗ് ബയോളജി ആന്റ് അക്വാകൾച്ചർ ഡിഗ്രി കേരള സർവ്വകലാശാലയുടെ എം.എസ്.സി. അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് ഡിഗ്രിക്ക് തുല്യമായി അംഗീകരിച്ചിട്ടുണ്ട്.

(സി & ഡി) സർവ്വകലാശാലയുടെ അക്കാഡമിക് കാര്യങ്ങളായതിനാൽ ബന്ധപ്പെട്ട സർവ്വകലാശാലകളാണ് നടപടി കൈക്കൊള്ളണ്ടേത്.

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അനദ്ധ്യാപകരുടെ തസ്തികകളിലെ ഒഴിവുകൾ

112 (2989) ശ്രീ. ഇ. എം. അഗസ്തി :

ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അനദ്ധ്യാപകരുടെ എത്ര തസ്തികകളിൽ ഒഴിവുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly